"ഭരണഭാഷ-മാതൃഭാഷ"

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12

:0471-2342532

:keralaprisons@gov.in

തീയതി : 09-06-2020

കേരള പ്രിസൺസ് &
കറക്ഷണൽ സർവീസസ്

## സർക്കുലർ നം 53

മഞ്ചേരി മെഡിക്കൽ കോളേജിലെ C.F.L.T.C. സെന്ററിൽ നിന്നും രണ്ടു പ്രതികൾ രക്ഷപ്പെട്ട വിവരം മഞ്ചേരി സ്പെഷ്യൽ സബ് ജയിൽ സൂപ്രണ്ട് റിപ്പോർട്ട് ചെയ്യുകയുണ്ടായി. ടി പ്രതികൾ രക്ഷപ്പെട്ടത് സെക്യൂരിറ്റി ഡ്യൂട്ടിയിലുണ്ടായിരുന്ന ജയിൽ ജീവനക്കാരുടെ ജാഗ്രതക്കുറവാണെന്ന് ബോധ്യപ്പെട്ടതിനാൽ, സെക്യൂരിറ്റി ഡ്യൂട്ടി ചെയ്യുന്ന ഉദ്യോഗസ്ഥർ കൂടുതൽ ജാഗരൂകരായി പ്രവർത്തിക്കേണ്ടതും, സെക്യൂരിറ്റി കൂടുതൽ ശക്തമാക്കേണ്ടതും, അവശ്യ സന്ദർഭങ്ങളിൽ ലോക്കൽ പോലീസിന്റെ സഹായം തേടേണ്ടതുമാണ്. കൂടാതെ C.F.L.T.C. സെന്ററിൽ താമസിപ്പിക്കുന്ന തടവുകാരുടെ എണ്ണം ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലും അറിയിക്കേണ്ടതാണ്. പ്രസ്തുത നിർദ്ദേശം എല്ലാ ജയിൽ സ്ഥാപന മേധാവികളും കർശനമായി പാലിക്കേണ്ടതാണ്. കോവിഡ് 19 വ്യാപനത്തിൻ്റെ ഭാഗമായി ജില്ലാ ഭരണകൂടത്തിൻ്റെയും ആരോഗ്യ വകുപ്പിൻ്റെയും സഹായത്താൽ നിശ്ചയിച്ച് കിട്ടിയിട്ടുള്ള C.F.L.T.C കേന്ദ്രങ്ങൾ താരതമ്യേന സെക്യൂരിറ്റി കുറവായിട്ടുള്ള കെട്ടിടങ്ങളാണ്. 2 സ്ഥലങ്ങളിലും കുളിമുറി, കക്കൂസ് പോലെ പ്രാഥമികാവശ്യത്തിനായുള്ള സ്ഥലങ്ങളിൽ നിന്നാണ് പ്രതികൾ രക്ഷപ്പെട്ടത് എന്നത് മുൻനിർത്തി ടി സ്ഥലങ്ങൾ പ്രത്യേകം നിരീക്ഷിക്കാനും കെട്ടിടത്തിന് ചുറ്റുപാടുമുള്ള നിരീക്ഷണം ശക്തിപ്പെടുത്താനും പ്രത്യേകം ശ്രദ്ധിക്കണമെന്ന് നിർദ്ദേശിക്കുന്നു.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും.

പകർപ്പ് : ഡി. ഐ. ജി. ഓഫ് പ്രിസൺസ്,
ഉത്തര മേഖല/ മദ്ധ്യ മേഖല / ദക്ഷിണ മേഖല.